**പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ**
**ഇന്ത്യാ ഗവൺമെൻ്റ്**
**തിരുവനന്തപുരം**
****

# തിരുവനന്തപുരം വർക്കല ശിവഗിരിയിൽ ശ്രീനാരായണ ഗുരുവിന്റെ മഹാസമാധി ശതാബ്ദി ആചരണത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ രാഷ്ട്രപതി നടത്തിയ അഭിസംബോധന

**(23.10.2025)**

• കേരള ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ,

• കേരള ഗവണ്മെന്റിന്റെ പൊതുവിദ്യാഭ്യാസ-തൊഴിൽ മന്ത്രി ശ്രീ വി ശിവൻകുട്ടി,

• സഹകരണ-തുറമുഖ-ദേവസ്വം മന്ത്രി ശ്രീ വി എൻ വാസവൻ,

• ശ്രീ നാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് ശ്രീമത് ശുഭാനന്ദ സ്വാമികൾ,

• വിശിഷ്ടാതിഥികളേ,

• ബഹുമാന്യരേ,

1. ശ്രീനാരായണ ഗുരുവിന്റെ മഹാസമാധിയുടെ ശതാബ്ദി ആചരണത്തിനായാണു നാമേവരും ഇന്നു ശിവഗിരിയുടെ ഈ പവിത്രഭൂമിയിൽ ഒത്തുചേർന്നത്. ഇന്ത്യ കണ്ട മഹത്തായ ആത്മീയ നേതാക്കളിൽ ഒരാളും സാമൂഹ്യപരിഷ്കർത്താവുമായിരുന്നു അദ്ദേഹം. ശ്രീനാരായണ ഗുരു തന്റെ അവസാനദിനങ്ങൾ ചെലവഴിക്കുകയും സമാധി പ്രാപിക്കുകയും ചെയ്ത ഭൂമിയാണിത്. നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യ-ആത്മീയ അന്തരീക്ഷത്തെ സ്വാധീനിച്ച സന്ന്യാസിശ്രേഷ്ഠനും തത്വചിന്തകനുമായിരുന്നു അദ്ദേഹം. സമത്വം, ഐക്യം, മനുഷ്യസ്നേഹം എന്നീ ആദർശങ്ങളിൽ വിശ്വസിക്കാൻ അദ്ദേഹം തലമുറകൾക്കു പ്രചോദനമേകി.

2. പത്തൊൻപതാം നൂറ്റാണ്ടിൽ രാജ്യമെങ്ങും സാക്ഷ്യംവഹിച്ച നവോത്ഥാനത്തിനു നേതൃത്വം നൽകിയ പ്രമുഖ വ്യക്തികളിൽ ഒരാളായിരുന്നു ശ്രീനാരായണ ഗുരു. അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും അന്ധകാരത്തിൽനിന്നു ജനങ്ങളെ മോചിപ്പിക്കുന്നതിനായി അദ്ദേഹം സ്വജീവിതം സമർപ്പിച്ചു. ശ്രീനാരായണ ഗുരു സകലചരാചരങ്ങളുടെയും ഏകത്വത്തിൽ വിശ്വസിച്ചു. എല്ലാ ജീവജാലങ്ങളിലും ദിവ്യസാന്നിധ്യമായി അദ്ദേഹം ദൈവത്തെ ദർശിച്ചു. “ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്” എന്ന കരുത്തുറ്റ സന്ദേശമാണ് അദ്ദേഹം നൽകിയത്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ മതം, ജാതി, വർഗം എന്നിവയുടെ അതിർവരമ്പുകൾക്കതീതമായിരുന്നു. അന്ധവിശ്വാസത്തിൽനിന്നല്ല; മറിച്ച്, അറിവിൽനിന്നും കാരുണ്യത്തിൽനിന്നുമാണു യഥാർഥ മോചനം ലഭിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. ആത്മശുദ്ധി, ലാളിത്യം, സാർവത്രിക സ്നേഹം എന്നിവയ്ക്കു ശ്രീനാരായണ ഗുരു എല്ലായ്പോഴും ഊന്നൽ നൽകി.

ബഹുമാന്യരേ,

3. കാലാതീതമായ ആദർശങ്ങളാണു ശ്രീനാരായണ ഗുരു മനുഷ്യരാശിയുമായി പങ്കുവച്ചത്. ‘ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും’ എന്ന ഉപദേശത്തിലൂടെ അദ്ദേഹം പ്രഖ്യാപിച്ചത്, ജാതി-മത വ്യത്യാസമില്ലാതെ ഏവരും സാഹോദര്യത്തോടെ ജീവിക്കുന്ന മാതൃകാവാസസ്ഥലമാണു ലോകം എന്നാണ്.

4. അദ്ദേഹം സ്ഥാപിച്ച നിരവധി ക്ഷേത്രങ്ങളും സ്കൂളുകളും സാമൂഹ്യസ്ഥാപനങ്ങളും വിദ്യാഭ്യാസത്തിന്റെയും നൈതിക ഉന്നമനത്തിന്റെയും കേന്ദ്രങ്ങളായി വർത്തിച്ചു. ഈ സ്ഥാപനങ്ങളിലൂടെ, അടിച്ചമർത്തപ്പെട്ട സമൂഹങ്ങൾക്കിടയിൽ സാക്ഷരത, സ്വയംപര്യാപ്തത, നൈതികമൂല്യങ്ങൾ എന്നിവയ്ക്ക് അദ്ദേഹം പ്രോത്സാഹനമേകി. മലയാളം, സംസ്കൃതം, തമിഴ് ഭാഷകളിലെ അദ്ദേഹത്തിന്റെ രചനകൾ ആഴത്തിലുള്ള ദാർശനിക ഉൾക്കാഴ്ചയെ ലാളിത്യവുമായി സമന്വയിപ്പിച്ചു. മനുഷ്യജീവിതത്തെയും ആത്മീയതയെയുംകുറിച്ചുള്ള അദ്ദേഹത്തിന്റെ അഗാധമായ അറിവാണ് അദ്ദേഹത്തിന്റെ കൃതികളിൽ പ്രതിഫലിക്കുന്നത്.

5. ഇന്നത്തെ ലോകത്തിൽ, ശ്രീനാരായണ ഗുരുവിന്റെ സന്ദേശം കൂടുതൽ പ്രസക്തമാണ്. ഏകത്വം, സമത്വം, പരസ്പരബഹുമാനം എന്നിവയ്ക്കായുള്ള അദ്ദേഹത്തിന്റെ ആഹ്വാനം മാനവികത എക്കാലവും നേരിടുന്ന സംഘർഷങ്ങൾക്കു കാലാതിവർത്തിയായ പ്രതിവിധിയേകുന്നു. എല്ലാ മനുഷ്യരും പങ്കിടുന്നത് ഒരേ ദിവ്യചൈതന്യമാണെന്നു നാരായണ ഗുരുവിന്റെ ഐക്യസന്ദേശം നമ്മെ ഓർമിപ്പിക്കുന്നു.

6. ഇന്നു നാം അദ്ദേഹത്തെ ഓർക്കുമ്പോൾ, അദ്ദേഹത്തിന്റെ ആദർശങ്ങൾക്കനുസരിച്ചു ജീവിക്കാൻ നമുക്കു പരിശ്രമിക്കാം. ഓരോ വ്യക്തിയെയും അന്തസോടെ കാണാനും നിസ്വാർഥമായി സേവിക്കാനും, ഓരോ വ്യക്തിയിലും ദൈവികത ദർശിക്കാനും നമുക്കു പരിശ്രമിക്കാം.

നന്ദി!

ജയ് ഹിന്ദ്!

ജയ് ഭാരത്!

***